**പതിനാലാം കേരള നിയമസഭ**

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 848 — 29-09-2016 -ൽ മറുപടി നൽകേണ്ടത്

## വിദ്യാഭ്യാസ വായ്പ തിരിച്ചടക്കാൻ കഴിയാത്ത കുടുംബങ്ങൾക്ക് സഹായം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.റ്റി.വി. രാജേഷ് : | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

| | |
|---|---|
| എ) പഠനം പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്ക് തൊഴിൽ ലഭിക്കാത്തതുമൂലം അവർ എടുത്തിട്ടുള്ള വിദ്യാഭ്യാസ വായ്പ തിരിച്ചടക്കാൻ കഴിയാതെ നിരവധി കുടുംബങ്ങൾ കടക്കെണിയിൽപ്പെടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ഉണ്ട്. |
| ബി) ഇത്തരം കുടുംബങ്ങളെ സഹായിക്കുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; | ബി) & (സി) ഉണ്ട്. 2016-17 -ലെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ വിദ്യാഭ്യാസ ലോൺ എടുത്ത് തിരിച്ചടയ്ക്കാൻ ബുദ്ധിമുട്ടുന്നവർക്ക് ആശ്വാസം നൽകുന്നതിനുവേണ്ടി, കുടിശ്ശികയായ വായ്പാത്തുക മാത്രം തിരിച്ചടച്ചാൽ ബാധ്യത |
| (സി) ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കാമോ? | |

| | |
|---|---|
| | അവസാനിപ്പിക്കാൻ ബാങ്കുകൾ തയ്യാറായാൽ, കുടിശ്ശികയായ വായ്പ തിരിച്ചടയ്ക്കാൻ സർക്കാർ സഹായിക്കുന്നതാണ് എന്നും ഇതിലേയ്ക്കായി 100 കോടി രൂപ വകയിരുത്തുന്നതായും പറഞ്ഞിട്ടുണ്ട്. ഇക്കാര്യം എല്ലാ ബാങ്കുകളുമായും ചർച്ച ചെയ്ത് പ്രായോഗികമായി നടപ്പിലാക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കുന്നതിലേയ്ക്കായി ഈ വിഷയം സംസ്ഥാനതല ബാങ്കിംഗ് സമിതി കൺവീനർക്ക് അയച്ചുകൊടുത്തിട്ടുണ്ട്.<br><br>2004 മുതൽ 2009 വരെയുള്ള കാലഘട്ടത്തിൽ വിദ്യാഭ്യാസ വായ്പ എടുക്കുകയും വിദ്യാഭ്യാസത്തെ തുടർന്ന് ജോലി ലഭിക്കാത്തതുമായ ബി.പി.എൽ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ കാലത്തെ പലിശ ബാദ്ധ്യത സംസ്ഥാന സർക്കാർ ഏറ്റെടുക്കുന്നതാണെന്ന് 2012-13 വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ, സ്കീം |

| | |
|---|---|
| | തയ്യാറാക്കുകയും വിവിധ ജില്ലാകളക്ടർമാരിൽ നിന്നും പ്രൊപ്പോസലുകൾ ലഭ്യമാക്കി ഫണ്ട് അനുവദിക്കുകയും ചെയ്തിട്ടുണ്ട്.<br>വിദ്യാഭ്യാസ വായ്പ എടുത്ത് കടക്കെണിയിലായ കുടുംബങ്ങളെ സഹായിക്കുന്നതിന്, ബാങ്കിന്റെ നിലവിലുള്ള നിയമം അനുസരിച്ച് വായ്പ കുടിശ്ശിക ഗഡുക്കളായി തിരിച്ചടയ്ക്കുന്നതിന് സാഹചര്യം ലഭ്യമാക്കി, പരമാവധി ഇളവ് അനുവദിച്ച് നൽകാൻ, സർക്കാരിൽ ലഭ്യമാകുന്ന പരാതികളിന്മേൽ സംസ്ഥാന തല ബാങ്കിംഗ് സമിതിയ്ക്കും ബന്ധപ്പെട്ട ബാങ്കുകൾക്കും നിർദ്ദേശം നൽകിവരുന്നു. |

**സെക്ഷൻ ഓഫീസർ**